# ATAL FDP on IOT at NPTI,  Alapuzha.

കെ.പി.സുരേഷ്, ശ്യാംകുമാർ, ശിവപ്പൻ, ഷാജി കലാശാല, പി.സി. സന്തോഷ് തുടങ്ങിയവർ പ്രസംഗിച്ചു.

ട്ടും താൽക്കാലികമായി സംവിധാനമൊരുക്കാൻ നടപടിയുണ്ടാകുന്നില്ല.

■ ജയകുമാർ, 4-ാം വാർഡ് അംഗം പാണാവള്ളി പഞ്ചായത്ത്.



പള്ളിപ്പുറത്തെ ദേശീയ ഊർജ പരിശീലന കേന്ദ്രത്തിൽ ആരംഭിച്ച അഞ്ചു ദിവസത്തെ രാജ്യാന്തര സെമിനാർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ പ്രഫ.രാജേന്ദ്രകുമാർ പാണ്ഡെ ഉദ്ഘാടനം ചെയ്യുന്നു.

## ഊർജ പരിശീലന കേന്ദ്രത്തിൽ ഇന്റർനെറ്റ് ഓഫ് തിങ്സ് രാജ്യാന്തര സെമിനാർ

പൂച്ചാക്കൽ ● പള്ളിപ്പുറത്തെ ദേശീയ ഊർജ പരിശീലന കേന്ദ്രത്തിൽ അഞ്ചു ദിവസത്തെ രാജ്യാന്തര സെമിനാറിന് തുടക്കമായി. ഇന്റർനെറ്റ് ഓഫ് തിങ്സ് വിഷയമായ സെമിനാറിൽ രാജ്യത്തെ വിവിധ എൻജിനീയറിങ് കോളജുകളിൽ നിന്നുള്ള 60 പേർ പങ്കെടുക്കുന്നു. ദേശീയ പവർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ ഡോ.രാജേന്ദ്രകുമാർ പാണ്ഡെ സെമിനാർ ഉദ്ഘാടനം ചെയ്തു. മൂന്ന് മാസത്തിനകം പള്ളിപ്പുറത്തെ പരിശീലന കേന്ദ്രത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നടക്കുമെന്ന് അദ്ദേഹം പറഞ്ഞു. പിജിസിഐഎൽ ബെംഗളൂരു ജനറൽ മാനേജർ ടി.വി.എസ്. പ്രവീൺ കുമാർ അധ്യക്ഷത വഹിച്ചു.

ദേശീയ പവർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഇൻ ചാർജ് ഡോ: എസ്.സെൽവം, ഡപ്യൂട്ടി ഡയറക്ടർ കെ.മുത്തുകുമാർ എന്നിവർ പ്രസംഗിച്ചു. അസിസ്റ്റന്റ് ഡയറക്ടർ എസ്.ശരവണൻ, എൻ. ബാലമുരുകൻ, എസ്.ഭാസ്കരമൂർത്തി, ആർ.കൊലംഗി നാഥൻ എന്നിവർ സെമിനാറിനു നേതൃത്വം നൽകുന്നു. 20 ന് സമാപിക്കും.

## ധനമന്ത്രി രാജി വയ്ക്കണം: എ.എ.ഷുക്കൂർ

കലവൂർ ● കേരളത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയ ധനമന്ത്രി തോമസ് ഐസക് രാജി വയ്ക്കണമെന്ന് മുൻ ഡിസിസി പ്രസിഡന്റ് എ.എ.ഷുക്കൂർ ആവശ്യപ്പെട്ടു. കോൺഗ്രസ് മാരാരിക്കുളം ബ്ലോക്ക് കമ്മിറ്റി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആരോഗ്യ സുരക്ഷ ഇൻഷുറൻസ്, സാമൂഹിക സുരക്ഷ പെൻഷൻ തുടങ്ങിയവയെല്ലാം കുഴപ്പത്തിലായി. സ്റ്റാംപ് വാങ്ങാൻ പോലും ട്രഷറിയിൽ പണമില്ലാത്ത അവസ്ഥയാണെന്ന് ഷുക്കൂർ കുറ്റപ്പെടുത്തി.

ബ്ലോക്ക് പ്രസിഡന്റ് എൻ.ചിദംബരൻ അധ്യക്ഷത വഹിച്ചു. ഡി.സുഗതൻ, ബി.ബൈജു, കെ.വി.മേഘനാദൻ, ടി.സുബ്രഹ്മണ്യദാസ്, ടി.വി.രാജൻ, പി.ജെ.മാത്യു. എന്നിവർ പ്രസംഗിച്ചു.

## ...ുടെ ഉപജീവന ...ായ ആടുകളെ ...കൾ ആക്രമിച്ചു

## ഓരുമുട്ട് പൊളിക്കാൻ നാട്ടുകാർ എത്തിയപ്പോൾ ഓടി രക്ഷപ്പെട്ടു